**നം: എച്ച്.609/2022 (3)**

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി.ഒ.,
തിരുവനന്തപുരം-3,
തീയതി:06/05/2022

## <u>ക്വട്ടേഷൻ നോട്ടീസ്</u>

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരളകർഷകൻ മാസികയുടെ ജൂൺ 2022 ലക്കം മുതൽ മെയ് 2023 ലക്കം വരെയുള്ള കാലയളവിലെ മാസികയുടെ ലേഖനങ്ങൾ, വാർത്താക്കുറിപ്പുകൾ, അറിയിപ്പുകൾ, ഗവൺമെന്റ് പദ്ധതികൾ, മാസികയുമായി ബന്ധപ്പെട്ട ഡി.റ്റി.പി ജോലികൾ എല്ലാം ചെയ്യുന്നതിന് ഈ ജോലിയിൽ പ്രാഗത്ഭ്യമുള്ളവരിൽ നിന്നും മുദ്ര വച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു. മറ്റു സമാനമാസികകൾ ചെയ്തുള്ള പരിചയ സമ്പത്ത് പരിഗണിക്കും.

പ്രസിദ്ധീകരണത്തിന്റെ വലുപ്പം - 26x19 cm

പേജുകളുടെ എണ്ണം - 72 പേജ്

മാസികയുടെ ഡി.റ്റി.പി. ജോലികൾ മേലുദ്യോഗസ്ഥന്റെ നിർദേശാനുസരണം വേണ്ട തിരുത്തലുകൾ വരുത്തി മൂന്നാം പ്രൂഫ് വരെ തരണം. മാസിക പ്രിന്റിംഗിനു പോകുന്നതു വരെ ഡിസൈൻ പേജുകളിലും ആവശ്യമായ ഡി.റ്റി.പിയും പ്രൂഫിംഗും എഡിറ്റോറിയൽ വിഭാഗത്തിന്റെ നിർദ്ദേശമനുസരിച്ച് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോടെ ഫാം ഇൻഫർമേഷൻ ബ്യൂറോയിലുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഒരു ലക്കത്തിന്റെ ജോലി ചെയ്യുന്നതിനുള്ള നിരക്ക് അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തണം. ഈ നിരക്കിന് ജൂൺ 2022 മുതൽ മെയ് 2023 വരെ പ്രാബല്യമുണ്ടായിരിക്കും. ഈ കാലയളവിൽ നിരക്കിൽ വർദ്ധനവ് അനുവദിക്കുന്നതല്ല.

മുദ്രവച്ച ക്വട്ടേഷനുകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ - 3 എന്ന വിലാസത്തിൽ 20/05/2022 തീയതിയ്ക്ക് 12 മണിയ്ക്ക് മുമ്പായി ലഭിച്ചിരിക്കണം. നിശ്ചയിച്ചിട്ടുള്ള സമയത്തിനകം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 3 PM ന് സന്നിഹിതരായിട്ടുള്ള ക്വട്ടേഷകരുടെ സാന്നിദ്ധ്യത്തിൽ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്നയാളോ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ മറ്റ് നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ തുറക്കുന്ന ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിൽ മുകളിലായി **'കേരളകർഷകൻ - ഡി.റ്റി.പി. ചെയ്യുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തിയിരിക്കണം. പ്രത്യേക കാരണം കാണി

ക്കാതെ തന്നെ ക്വട്ടേഷനുകൾ സ്വീകരിക്കുവാനും നിരസിക്കുവാനും ക്വട്ടേഷൻ തീയതിയിൽ മാറ്റം വരുത്താനും, ക്വട്ടേഷൻ പൂർണ്ണമായി റദ്ദു ചെയ്യുവാനുളള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. സംസ്ഥാന സർക്കാർ ക്വട്ടേഷനുകൾക്ക് എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ കേരളകർഷകൻ മാസികയുടെ (മലയാള ഭാഷ) ഡി.റ്റി.പി. ചെയ്യുന്നതിനുള്ള ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| പേര് | |
| വിലാസം | |
| ഫോൺ നമ്പർ | |
| ഇ-മെയിൽ ഐഡി | |
| ആധാർ നമ്പർ | |
| പ്രവർത്തി പരിചയം<br>(i) വർഷം<br>(ii) സ്ഥാപനം | |
| കേരളകർഷകന്റെ ഒരു പേജ് (A4 Size) മലയാളത്തിൽ ഡി.റ്റി.പി. ചെയ്യുന്നതിനുള്ള തുക (അക്കത്തിലും അക്ഷരത്തിലും) | |

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

*To*

*നോട്ടീസ് ബോർഡ്*
*സ്റ്റോക്ക് ഫയൽ.*
*വെബ്സൈറ്റ്*

FARM INFORMATION BUREAU
KOWDIAR P.O. THIRUVANANTHAPURAM-695003

**Principal Information Officer**
**Farm Information Bureau**
**Kowdiar, Thiruvananthapuram-695 003**